**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1779** **19-01-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് കൈമാറി വിശേഷാൽ ചട്ടവും മറ്റും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | സംസ്ഥാനത്തെ മുഴുവൻ സർവകലാ ശാലകളിലെയും അനദ്ധ്യാപക തസ്തി കകളിലേക്കുള്ള നിയമനാധികാരം 19.12.2015 ൽ നിലവിൽ വന്ന Kerala Public Service Commission (Additional Functions as Respects the Universities) Act, 2015 (Act 18 of 2015) പ്രകാരം പി.എസ്.സി യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ആക്ടിന് തുടർച്ചയായി 26.02.2016 തീയതിയിലെ G.O(P) No. 7/2016/H.Edn പ്രകാരം സർവ്വകലാ ശാലയിലെ അസ്സിസ്റ്റന്റ്, കംപ്യൂട്ടർ അസ്സിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമങ്ങൾക്കുള്ള വിശേഷാൽ ചട്ടവും, 06.11.2020 തീയതിയിലെ സ.ഉ.(അച്ചടി) 37/2020/ഉ.വി.വ പ്രകാരം സർവ്വകലാശാലകളിലെ 16 തസ്തിക കളിലേക്കുള്ള നിയമനങ്ങൾക്കുള്ള വിശേഷാൽ ചട്ടവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ശേഷവും കാലിക്കറ്റ് അടക്കമുള്ള സർവ്വകലാശാലകളിൽ അനദ്ധ്യാപക തസ്തികയിൽ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ ; | (ബി) | ഉണ്ട്; പ്രോഗ്രാമർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ 2 പേരെ അവരുടെ യോഗ്യത അനുസരിച്ച് ഒരാളെ പ്രോഗ്രാമർ തസ്തികയിലും, ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ തസ്തികയിലും, ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 7 പേരെയും, 6 പേർക്ക് ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) തസ്തികയിലും, ഒരാളെ റൂം ബോയ് കം ബേറർ തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും സ്ഥിരപ്പെടുത്തിയവരെ താത്കാലിക നിയമനത്തിൽ തുടരാനും കോടതി ഉത്തരവിറക്കിയിട്ടുണ്ട്. |
| (സി) | അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. ക്ക് കൈമാറിയതിനുശേഷവും ഈ തസ്തികകളിൽ | (സി) | സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും, അതിന് സർക്കാർ അനുമതി തേടണം എന്ന |

| | | | |
|---|---|---|---|
| | നടത്തിയ അനധികൃത സ്ഥിര നിയമനങ്ങൾ റദ്ദുചെയ്ത് പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ ? | | വ്യവസ്ഥക്ക് വിധേയമായിട്ടുമാണ് ടി തസ്തികകളിൽ പത്ത് വർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തിയത്. ഈ നിയമനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തതിനാലും, ഈ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോടതിയുടെ പരിഗണനയിലുള്ള വിഷയം ആയതിനാലും സർക്കാർ അനുമതി തേടുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഒന്നും സർവ്വകലാശാല കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ